# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

## ജലവിഭവം

**(WATER RESOURCES)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

2012 ജൂൺ 28-ാം തീയതി സമർപ്പിച്ചത്

(Presented on 28th June 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

ജലവിഭവം

**(WATER RESOURCES)**

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| അവതാരിക | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം | : | 8 |

## സബ്ജക്ട് കമ്മിറ്റി III

ജലവിഭവം (2011-2013)

**ഘടന**

ചെയർമാൻ :

ശ്രീ. പി. ജെ. ജോസഫ്,
ജലവിഭവ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. എം. ആരിഫ്

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. വർക്കല കഹാർ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. റ്റി. എൻ. പ്രതാപൻ

ശ്രീ. തോമസ് ചാണ്ടി

ശ്രീ. തോമസ് ഉണ്ണിയാടൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2011-2013)-ന്റെ 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2011 ജൂൺ 28-ാം തീയതിയിലെ ബുള്ളറ്റിൻ 15 പ്രകാരം രൂപീകൃതമായ സമിതിയുടെ 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രസ്തുത സമിതിയിൽ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് ചെയർമാനും സർവ്വശ്രീ. എ. എം. ആരിഫ്, വി. റ്റി. ബൽറാം, കെ. കെ. ജയചന്ദ്രൻ, ജി. എസ്. ജയലാൽ, വർക്കല കഹാർ, കെ. കുഞ്ഞിരാമൻ (ഉദുമ), കെ. മുഹമ്മദുണ്ണി ഹാജി, റ്റി. എൻ. പ്രതാപൻ, തോമസ് ചാണ്ടി, തോമസ് ഉണ്ണിയാടൻ എന്നിവർ അംഗങ്ങളായിരുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. 2011 ജൂലായ് 26-ാം തീയതി ചേർന്ന യോഗത്തിൽ ധനാഭ്യർത്ഥന നമ്പർ XXXVIII പരിഗണിച്ചു. 3-8-2011-ൽ ചേർന്ന യോഗത്തിൽ ധനാഭ്യർത്ഥന നമ്പർ XXIX, XX എന്നിവ സമിതി പരിഗണിച്ചു. 6-9-2011-ൽ ചേർന്ന യോഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും, 18-10-2011-ലെ യോഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 8-12-2011-ൽ സമിതി മുല്ലപ്പെരിയാർ അണക്കെട്ട് സന്ദർശിക്കുകയും ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരുമായി പെരിയാർ ഹൗസ് കോൺഫറൻസ് ഹാളിൽ ചർച്ച നടത്തുകയും ചെയ്തു. 25-1-2012-ലെ യോഗത്തിൽ മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാർ ഇതുവരെ സ്വീകരിച്ചതും ഇനി സ്വീകരിക്കേണ്ടതുമായ നടപടികളെക്കുറിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 66% ആയിരുന്നു.

ഈ റിപ്പോർട്ടിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിൻമേലും വിവിധ യോഗങ്ങളിൽ സമിതി നടത്തിയ ശുപാർശകളിൻമേലും നിർദ്ദേശങ്ങളിൻമേലും സർക്കാരിൽ നിന്നും ലഭിച്ച മറുപടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2012 മേയ് 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. ജെ. ജോസഫ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2012 മേയ് 2.

## റിപ്പോർട്ട്

സമിതി 2011-12 വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന 26-7-2011, 3-8-2011 എന്നീ തീയതികളിൽ നടത്തുകയും 6-9-2011-ന് 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച് കരട് റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം)
(2702, 2705, 4702, 4705, 6705 എന്നീ
കണക്കിനങ്ങൾ മാത്രം)

ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം

## റിപ്പോർട്ട്

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-07)

### ശുപാർശ നമ്പർ 23

4701-02-212-99—മീനച്ചിൽ നദീതട പദ്ധതി

മീനച്ചിൽ നദീതട പദ്ധതിയുടെ ഒന്നാംഘട്ടം ആരംഭിക്കുന്നതിന് അനുമതി ലഭിക്കുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ ഒറിജിനൽ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ പുതുക്കിയ ബഡ്ജറ്റിൽ ഈ തുക ഉൾക്കൊള്ളിച്ചിട്ടില്ല. വേനൽക്കാലത്ത് മീനച്ചിൽ നദിയിൽ ഒട്ടും വെള്ളമില്ലാത്ത അവസ്ഥയാണുള്ളത്. ഇടുക്കിയിൽ നിന്ന് വൈദ്യുതി ഉൽപാദനം കഴിഞ്ഞുവരുന്ന ടെയിൽ റേസ് വാട്ടറിൽ നിന്ന് കുറച്ച് വെള്ളം മീനച്ചിൽ നദിയിലേക്ക് ഒഴുക്കിയാൽ പരിസ്ഥിതി പ്രശ്നത്തിനും പരിഹാരം കാണാനാകും. മാത്രമല്ല ജലസേചനം, കുടിവെള്ളം എന്നീ ആവശ്യങ്ങളും നിർവ്വഹിക്കുവാൻ പര്യാപ്തമാകും. കോട്ടയം ജില്ലയിലെ മൊത്തം ജലസേചനം, കുടിവെള്ളം, ഓരുവെള്ള ഭീഷണി എന്നീ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയും ചെയ്യും. അതിനാൽ ഈ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2006-07-ലെ സബ്ജക്ട് കമ്മിറ്റി III-ന്റെ റിപ്പോർട്ടിലെ ഖണ്ഡിക 23-ലെ ശുപാർശ പ്രകാരം മീനച്ചിൽ നദീതട പദ്ധതിക്കായി 2006-2007 വർഷത്തെ ബജ്ഡറ്റിൽ 4701-02-212-98&99 എന്ന ശീർഷകത്തിൽ മീനച്ചിൽ നദീതട പദ്ധതി (പ്ലാൻ) എന്ന ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും പ്രസ്തുത തുക വിനിയോഗിക്കപ്പെട്ടില്ല.

436/2012.

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

## ശുപാർശ നമ്പർ 18

4711-02-800-99—പരിസ്ഥിതി സംരക്ഷണം 2007-08

2007-08 ബഡ്ജറ്റ് വിഹിതത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ 30 ലക്ഷം രൂപ പരിസ്ഥിതി സംരക്ഷണത്തിനായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷം 4711-02-800-99 (പ്ലാൻ) എന്ന ശീർഷകത്തിൽ ഉപധനാഭ്യർത്ഥനകളിലൂടെ 27.67 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി.

## ശുപാർശ നമ്പർ 19

01-02-212—മീനച്ചിൽ നദീതട പദ്ധതി

മീനച്ചിൽ നദിയിൽ ആവശ്യമായ ജലത്തിന്റെ അഭാവം പ്രത്യേകിച്ച് വേനൽക്കാലത്ത് വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മീനച്ചിൽ നദിയെ ആശ്രയിച്ചു പ്രവർത്തിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും കുടിവെള്ള പദ്ധതികൾക്കും ആവശ്യമായത്ര വെള്ളം ലഭിക്കാത്തതും താഴ്ന്ന റീച്ചുകളിൽ ഉപ്പുവെള്ളം കയറുന്നതും സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. മൂവാറ്റുപുഴ പദ്ധതിയിൽ നിന്നുമുള്ള അധിക ജലം മീനച്ചിൽ നദിയിലേക്ക് തിരിച്ചുവിടുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടം എന്ന നിലയിൽ അറക്കുളത്ത് ഒരു ഡൈവേർഷൻ വിയർ സ്ഥാപിക്കുന്നതിനും അറക്കുളം മുതൽ നരിമറ്റം വരെ ഒരു ടണൽ നിർമ്മിക്കുന്നതിനും പദ്ധതിയിട്ടിരുന്നുവെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഒന്നാംഘട്ടത്തിന്റെ നിർവ്വഹണത്തിനായി 65.27 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

മീനച്ചിൽ നദീതട പദ്ധതിയുടെ ഭാഗവും കുടയത്തൂർ പുഴയ്ക്ക് കുറുകെയുള്ളതുമായ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡിസൈൻ ജോലികൾ 2007-ൽ ആരംഭിച്ചതാണ്. എന്നാൽ പദ്ധതിയുടെ വിജയകരമായ പ്രവർത്തനത്തിനാവശ്യമായ ജലം ലഭിക്കാത്തതിനാൽ 7-1-2008-ലെ സ.ഉ. (സാധ) നമ്പർ 32/08/ജ.വി.വ. പ്രകാരം പദ്ധതി ഉപേക്ഷിക്കുകയും 18-4-2007-ലെ സ.ഉ. (സാധ) 535/07/ജ.വി.വ. ഉത്തരവ് പ്രകാരം രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശ അനുസരിച്ച് പദ്ധതി തയ്യാറാക്കുവാൻ പദ്ധതി വിഭാഗം-II ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതനുസരിച്ചുള്ള വിശദമായ പദ്ധതി റിപ്പോർട്ടിന് അംഗീകാരം നൽകിയാൽ മാത്രമേ തുക വകയിരുത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

ശുപാർശ നമ്പർ 22

2701-80-800-99—കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഒരു കാലത്ത് രാജ്യാന്തര പ്രശസ്തി ഉണ്ടായിരുന്നതും രാജ്യത്തിന്റെ അഭിമാന സ്തംഭവുമായിരുന്ന പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മന്ദീഭവിച്ച നിലയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള വിവിധ ഡിവിഷനുകൾക്കായി വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തിക്കുവാനോ ശാസ്ത്ര രംഗത്തെ പുരോഗതിക്കനുസൃതമായി ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കുവാനോ ആധുനികവൽക്കരിക്കാനോ ഫണ്ടിന്റെ അഭാവംമൂലം സാധിക്കുന്നില്ല. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സമ്പൂർണ്ണമായ അഴിച്ചുപണിയിലൂടെ മെച്ചപ്പെടുത്തുന്നതിന് ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും ആവശ്യമാണ്. ഹ്രസ്വകാല നടപടി എന്ന നിലയിൽ ഈ സാമ്പത്തിക വർഷം വിവിധ വികസന പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ 2701-80-800-99 കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സമിതി ശുപാർശ ചെയ്ത 5 കോടി രൂപ 2007-08 സാമ്പത്തിക വർഷത്തിൽ ലഭ്യമായിരുന്നില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## മൂന്നാമത് റിപ്പോർട്ട് (2008-09)

ശുപാർശ നമ്പർ 12

എറണാകുളം, തൃശൂർ ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മോട്ടോറുകളും പമ്പ് സെറ്റുകളും പമ്പ് ഷെഡുകളും പുനരുദ്ധരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി ഭൂജല വകുപ്പ് 15 കോടി രൂപയുടെ റീവാംപിംഗ് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഈ തുക പ്ലാൻ ഫണ്ട് ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തൃശ്ശൂർ ജില്ലയിലെ 91 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മോട്ടോറുകളും പമ്പ് സെറ്റുകളും പമ്പ് ഷെഡുകളും പുനരുദ്ധരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി ജലവിഭവ വകുപ്പ് 4702-00-101-89-(എൻ.പി.) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 11.32 കോടി രൂപയ്ക്കും എറണാകുളം ജില്ലയിലെ 127 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പുനരുദ്ധരിക്കുന്നതിനായി 4702-00-101-88 (എൻ.പി.) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 35.84 കോടി രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള ബഡ്ജറ്റ് വിഹിതവും 2010-11, 2011-12 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പണികൾ പുരോഗതിയിലാണ്.

ശുപാർശ നമ്പർ 14

2700-01—പെരിയാർ നദീതട പദ്ധതി

ഈ പദ്ധതി വർഷങ്ങൾക്കുമുമ്പ് പണി തീർന്നതും കനാലുകളുടെ സംരക്ഷണ പണികൾ കാലാകാലങ്ങളിൽ തീർക്കേണ്ടതുമാണ്. 31-3-2008 വരെ 200.00 ലക്ഷം രൂപ കനാൽ സംരക്ഷണ പണികൾ ചെയ്ത വകയിൽ കൊടുത്ത് തീർക്കാനുള്ള തിനാൽ പ്രസ്തുത തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-2009 സാമ്പത്തിക വർഷത്തിൽ 2700-01-101-99 PVIP എന്ന ശീർഷകത്തിൽ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിനത്തിൽ ആകെ 1.89 കോടി രൂപ ലഭ്യമാകുകയും 31-12-2008 വരെയുള്ള ബിൽ കുടിശ്ശിക തീർക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 15

2700-02—മലമ്പുഴ പ്രോജക്ട്

പൂർത്തിയായ മലമ്പുഴ പദ്ധതിക്കുവേണ്ടിയുള്ള സംരക്ഷണ പണികൾക്കായി 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-2009 സാമ്പത്തിക വർഷത്തിൽ 2700-02 മലമ്പുഴ എന്ന ശീർഷകത്തിൽ സർക്കാർ അധികമായി അനുവദിച്ച തുക താഴെ കൊടുക്കുംപ്രകാരമാണ്:

| ശീർഷകം | സപ്ലിമെന്ററി ഡിമാന്റ് ഓഫ് ഗ്രാന്റ്സ് |
|---|---|
| 2700-02-101-99-WCE | 21,00,000 |
| 2700-02-98-18 മലമ്പുഴ—സംരക്ഷണം | 2,75,56,000 |

ശുപാർശ നമ്പർ 18

2700 ശീർഷകത്തിൽ മറ്റുള്ള വൻകിട ജലസേചന പദ്ധതികൾക്കായി നോൺ പ്ലാൻ ഇനത്തിൽ 2008-09 സാമ്പത്തിക വർഷത്തേക്ക് വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ഈ ഇനത്തിൽ ആവശ്യമായ തുക ഉചിതമായ മാർഗ്ഗേണ കണ്ടെത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ മറ്റുള്ള വൻകിട ജലസേചന പദ്ധതികൾക്കായി നോൺ പ്ലാൻ ഇനത്തിൽ ചീഫ് എഞ്ചിനീയർ, പ്രോജക്ട് II-ന് 2700 ശീർഷകത്തിൽ അധികമായി 520.04 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട് (വിശദവിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്).

2008-09 സാമ്പത്തിക വർഷത്തിൽ മറ്റുള്ള വൻകിട ജലസേചന പദ്ധതികൾക്കായി നോൺ പ്ലാൻ ഇനത്തിൽ ചീഫ് എഞ്ചിനീയർ, പ്രോജക്ട് I-ന് അധികമായി 604 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. (വിശദ വിവരങ്ങൾ അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്.)

## അനുബന്ധം I

2008-09 സാമ്പത്തിക വർഷത്തിൽ 2700 ശീർഷകത്തിൽ ചീഫ് എഞ്ചിനീയർ, പ്രോജക്ട് II-ന് അധികമായി അനുവദിച്ച തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

### വൻകിട ജലസേചന പദ്ധതി

| | | *സപ്ലിമെന്ററി ഡിമാൻഡ്* | *റീ അപ്രോപ്രിയേഷൻ* | *ആകെ തുക (ലക്ഷം)* |
|---|---|---|---|---|
| 1. | 2700-01 പെരിയാർ ജലസേചന പദ്ധതി 101-99 വർക്ക് ചാർജഡ് എസ്റ്റാബ്ലിഷ്മെന്റ് | 10.00 | 34.59 | 44.59 |
| | 101-98-18 മെയിന്റനൻസ് (നോൺ പ്ലാൻ) വോട്ട് ചെയ്തത് | 100.00 | 90.95 | 190.95 |
| | ആകെ | 110.00 | 125.54 | 235.54 |
| 2. | 2700-11 നെയ്യാർ ജലസേചന പദ്ധതി 101-18 മെയിന്റനൻസ് (നോൺ പ്ലാൻ വോട്ടഡ്) | 93.45 | | |
| | 101-82 ഗാർഡൻസ് (നോൺ പ്ലാൻ വോട്ടഡ്) | 17.07 | | |
| | ആകെ | 110.52 | | 110.52 |
| 3. | 2700-14 വടക്കാഞ്ചേരി പദ്ധതി 101-18 മെയിന്റനൻസ് (നോൺ പ്ലാൻ വോട്ടഡ്) | 21.34 | | |
| 4. | 2700-16 പമ്പാ ജലസേചന പദ്ധതി 101-18-മെയിന്റനൻസ് വോട്ടഡ് | 132.64 | | |
| 5. | 2700-27-കല്ലട ജലസേചന പദ്ധതി 101-18 മെയിന്റനൻസ് വോട്ടഡ് | 20.00 | | |

അനുബന്ധം 2

2008-09 സാമ്പത്തിക വർഷത്തിൽ 2700 ശീർഷകത്തിൽ ചീഫ് എഞ്ചിനീയർ, പ്രോജക്ട് I-ന് അധികമായി അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ശീർഷകം | അഡീഷണൽ ഓതറൈസേഷൻ | സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റ് | റീഅപ്രോ ഓഫ് പ്രിയേഷൻ |
|---|---|---|---|
| 2700-02-101-99-WCE | | 21,00,000 | |
| 2700-02-98-18 മലമ്പുഴ | | 2,75,56,000 | |
| 2700-04-101-98-18 മംഗലം | | 35,41,000 | |
| 2700-03-001-99-D&A-92 വാളയാർ | | 10,66,000 | 3,80,000 |
| 2700-03-101-98-18 മെയിന്റനൻസ് | | 75,48,000 | 11,31,000 |
| 27000-05-101-98-18 മെയിന്റനൻസ് | | 3,88,000 | 9,000 |
| 2700-13- KyIP-101-99-WCE | 100,00,000 | | |
| 2700-13- KyIP-101-98-18-Mtc | | 82,45,000 | 12,70,000 |
| 2700-13- KyIP-101-98-82- Garden | | 54,000 | 13,69,000 |
| 2700-17- CPP-101-98-18-Mtc | | 24,09,000 | |
| 2700-17- CPP-101-98-18-Mtc-Charged | | 5,25,000 | |
| 2700-18- KPIP-101-98-18-Mtc | | 5,07,000 | 13,02,000 |

ശുപാർശ നമ്പർ 21

4701-80-800-99—കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസനം

പീച്ചിയിലെ ഗവേഷണ പഠനകേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2008-2009 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയ സ്ഥാനത്ത് 2008-2009 വർഷത്തിൽ കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 100 ലക്ഷം രൂപ അനുവദിച്ചിരുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

### ശുപാർശ നമ്പർ 6

ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ കീഴിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കും ശുചീകരണ സേനയിലെ ജീവനക്കാർക്ക് ദിവസവേതനം നൽകുന്നതിനുമായി വകകൊള്ളിച്ചിട്ടുള്ള 54,45,000 രൂപ അപര്യാപ്തമായതിനാൽ ഈയിനത്തിൽ ആവശ്യപ്പെട്ട 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2009-2010 വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്ക് സർക്കാർ 79,45,000 (എഴുപത്തി ഒൻപത് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ) ഗ്രാന്റായി നൽകിയിട്ടുണ്ട്. 2009-2010 വർഷത്തിൽ ശബരിമല സാനിറ്റേഷൻ സൊസൈറ്റി 1,20,39,309.40 രൂപ (ഒരു കോടി ഇരുപത് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി ഒൻപത് രൂപ നാൽപത് പൈസ) ചെലവാക്കിയിട്ടുണ്ട്.

**പി. ജെ. ജോസഫ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

അനുബന്ധം

## 26-7-2011-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2011 ജൂലായ് മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. എ. എം. ആരിഫ്
2. ശ്രീ. വി. റ്റി. ബൽറാം
3. ശ്രീ. കെ. കെ. ജയചന്ദ്രൻ
4. ശ്രീ. ജി. എസ്. ജയലാൽ
5. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
6. ശ്രീ. കെ മുഹമ്മദുണ്ണി ഹാജി
7. ശ്രീ. റ്റി. എൻ. പ്രതാപൻ
8. ശ്രീ. തോമസ് ചാണ്ടി
9. ശ്രീ. തോമസ് ഉണ്ണിയാടൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ബാലമുരളികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. അശോക് കുമാർ സിംഗ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി പി. ലതിക, ചീഫ് എഞ്ചിനീയർ, പ്രോജക്ട് II, തിരുവനന്തപുരം
6. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചീനിയർ, പ്രോജക്ട് I, കോഴിക്കോട്
7. ശ്രീ. എസ്. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

സമിതി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും താഴെപ്പറയുന്ന ശുപാർശകൾ നല്കുകയും ചെയ്തു :

2700-01-101-98—<u>പെരിയാർ നദീതട പദ്ധതി</u> (വാണിജ്യപരം)

പെരിയാർ നദീതട പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കനാലുകളുടെ സംരക്ഷണ പണികൾ കാലാകാലം തീർക്കേണ്ടതാണെന്നതിനാൽ 60 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-02-101-98—<u>മലമ്പുഴ പദ്ധതി</u> (വാണിജ്യപരം)

പൂർത്തിയായ മലമ്പുഴ പദ്ധതിക്കുവേണ്ടിയുള്ള സംരക്ഷണ പണികൾക്ക് 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-03-101-98—<u>വാളയാർ പദ്ധതി</u> (വാണിജ്യപരം)

വാളയാർ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1.32 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-04-101-98—<u>മംഗലം പദ്ധതി</u> (വാണിജ്യപരം)

മംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച 1 കോടി രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമന്ന് സമിതി ശുപാർശ ചെയ്തു.

2700-05-101-98—<u>മീൻകര പദ്ധതി</u> (വാണിജ്യപരം)

പദ്ധതിയുടെ സംരക്ഷണ പണികൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ച 66 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-11-101-98—<u>നെയ്യാർ ജലസേചന പദ്ധതി</u> (വാണിജ്യേതരം)

നെയ്യാർ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 4.40 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ പുനരുദ്ധാരണത്തിനായി 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-12-101-98—<u>പഴശ്ശി പദ്ധതി</u> (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 1.21 കോടി രൂപയാണ് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. പദ്ധതിയുടെ മോശമായ 14 റേഡിയൽ ഗേറ്റുകൾ പുനഃസ്ഥാപിക്കുന്നതിന് ഈയിനത്തിൽ 8 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-13-101-98—കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കുള്ള ബഡ്ജറ്റ് വിഹിതം 2.4 കോടി രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-14-101-98—വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പണികൾക്കുള്ള ബഡ്ജറ്റ് വിഹിതം 1.32 കോടി രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-16-101-98—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകകൊള്ളിച്ചിട്ടുള്ള 3.4 കോടി രൂപ അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-17-101-98—ചിറ്റൂർപ്പുഴ പദ്ധതി (വാണിജ്യേതരം)

ചിറ്റൂർപ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 2.86 കോടി രൂപ അപര്യാപ്തമായതിനാൽ 1.10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 2.4 കോടി രൂപ അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-25-101-98—മൂലത്തറ വലതുകര കനാൽ (വാണിജ്യേതരം)

പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 5.39 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-27-101-98—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 6 കോടി രൂപ അപര്യാപ്തമായതിനാൽ പൂർത്തിയാക്കുവാനുള്ള കനാൽ പണികൾക്കുവേണ്ടി 3 കോടി രൂപയും കനാൽ റോഡുകളുടെ നവീകരണത്തിനുവേണ്ടി 2 കോടി രൂപയും യന്ത്രോപകരണങ്ങൾക്കായി 10 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-01-101-98—പീച്ചി ജലസംഭരണ പദ്ധതി (വാണിജ്യപരം)

പീച്ചി ജലസംഭരണ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 6.40 കോടി രൂപയും വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 10 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇവ അപര്യാപ്തമായതിനാൽ യഥാക്രമം 3.1026 കോടി രൂപയും 33 ലക്ഷം രൂപയും ഈയിനങ്ങളിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-02-101-98—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

ഈ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച 1.6 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-03-101-98—ചീരക്കുഴി പദ്ധതി (വാണിജ്യപരം)

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 87 ലക്ഷം രൂപ തുലോം കുറവായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-11-101-98—പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

പോത്തുണ്ടി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം 1.5 കോടി രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-14-101-98—ചിമ്മിണി മുപ്ലി പദ്ധതി

ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ളത് 58 ലക്ഷം രൂപയാണ്. ഡാം സേഫ്റ്റി കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള പണികൾ ചെയ്യുവാൻ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-17-101- 98—ചേരമംഗലം പദ്ധതി (വാണിജ്യേതരം)

ചേരമംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-20-101-99—വെള്ളിയാംകല്ല് കാസ്‌വേ (വാണിജ്യേതരം)

വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള 40,000 രൂപ അപര്യാപ്തമായതിനാൽ 1.10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-001-95—കേരള ഡാം സുരക്ഷ അതോറിറ്റി

അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള 60.78 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 11.28 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-004-96—ഗുണനിയന്ത്രണ യൂണിറ്റുകൾ

ഗുണനിയന്ത്രണ യൂണിറ്റിലെ 2 ഡിവിഷനുകളുടേയും 6 സബ് ഡിവിഷനുകളുടേയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 5.2199 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗുണനിയന്ത്രണപ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അത്യാവശ്യമായ പരീക്ഷണശാലകളും മറ്റും സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-005-98—അന്വേഷണവും ഗവേഷണവും

24.5 ലക്ഷം രൂപയാണ് ഈയിനത്തിലെ ബഡ്ജറ്റ് വിഹിതം. ഇത് അപര്യാപ്തമായതിനാൽ 15.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-005-97—അന്വേഷണവും രൂപകല്പനയും

ജലസേചന പദ്ധതികളുടെ പര്യവേഷണത്തിലും രൂപകല്പനകൾക്കും നിലവിലുള്ള ഐ.ഡി.ആർ.ബി.ഓഫീസ് നവീകരണത്തിനുമായി വകകൊള്ളിച്ചിട്ടുള്ള 15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-800-97—മറ്റു ജലസേചന പണികളുടെ സംരക്ഷണപ്പണികളും അറ്റകുറ്റപ്പണികളും

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണ പണികൾക്കും തൃശൂർ കോൾ നിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2 കോടി രൂപയാണ് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തൃശൂർ കോൾ നിലങ്ങളുടെ ജലസേചന വികസന പ്രവർത്തനങ്ങൾക്കായും മേജർ റഗുലേറ്ററുകളുടെ സംരക്ഷണപ്പണികൾക്കായും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ടുകൾ തുടങ്ങണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-800-94—കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം

കാവേരി നദീജല തർക്ക ട്രൈബ്യൂണലിനായി ഉണ്ടാക്കപ്പെട്ട പ്രത്യേക വിഭാഗത്തിലെ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും വക്കീൽ ഫീസിനുമായി വകയിരുത്തിയിട്ടുള്ള 1.4248 കോടി രൂപ അപര്യാപ്തമായതിനാൽ 3.17 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-800-92—അണക്കെട്ടു സുരക്ഷാ സംഘടനയും സുരക്ഷാ സന്നാഹങ്ങളും

ഭരണച്ചെലവിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷം അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2711-02-800-99—കടലാക്രമണ നിരോധന പദ്ധതികൾ കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽതീരമണ്ണൊലിപ്പ് തടയുന്നതിന് കോസ്റ്റൽ ഇറോഷൻ സംബന്ധിച്ച പഠനം നടത്തിവരുന്ന ഒരു ഡിവിഷനിലേയും 3 സബ് ഡിവിഷനുകളിലേയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 2.3482 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 69.83 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-02—മലമ്പുഴ പദ്ധതി

നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. മലമ്പുഴ ഉദ്യാനം 2-ാംഘട്ട പണിയുടെ പൂർത്തീകരണത്തിന് 16.75 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-20—ഇടമലയാർ പദ്ധതി

ഇടമലയാർ പദ്ധതിയിലേക്കായി 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 38 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-22—മൂവാറ്റുപുഴ പദ്ധതി

4.0001 കോടി രൂപയാണ് ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾക്ക് ഈ തുക അപര്യാപ്തമാണ്. 2011-12 വർഷത്തിൽ എ. ഐ. ബി. പി. ഗ്രാന്റ് ലഭ്യമാക്കാനായി 35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-80-800-99—വൻകിട ജലസേചന പദ്ധതികളിന്മേൽ പര്യവേഷണം

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.2 കോടി രൂപ അപര്യാപ്തമായതിനാൽ 4.3 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-80-800-97—ഡാം സുരക്ഷാ സംഘടനയും ഡാം സുരക്ഷാ നടപടികളും

18 ഡാമുകളുടെ സുരക്ഷാ നടപടികൾക്കും അറ്റകുറ്റപ്പണികൾക്കുമായി 1.9 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 3.1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4700-80-800-94—ജലവിഭവശേഷി പുനർനിർണ്ണയവും കാര്യക്ഷമമായ ഭരണ നിർവ്വഹണവും

ഈയിനത്തിൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. പണി പൂർത്തിയായ വൻകിട പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നതിന് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-18—ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് (വാണിജ്യേതരം)

ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 35.5 കോടി രൂപയാണ്. എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും മരാമത്തു പണികൾക്കുമായി 12.7 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-22—പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യേതരം)

ഈയിനത്തിൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 3, 4 റീച്ചുകൾ കൂടി പൂർത്തീകരിക്കുവാനുള്ളതിനാൽ 1 കോടി രൂപ നബാർഡ് ധന സഹായം വഴി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-99—കേരള എൻജിനീയറിംഗ് റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസനം

പീച്ചിയിലെ ഗവേഷണപഠന കേന്ദ്രത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി നീക്കി വച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 93.5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-96—നടപ്പാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം

പണി പൂർത്തിയായ ജലസേചന പദ്ധതികളെ വിലയിരുത്താനുള്ള പഠനത്തിനായി വകകൊള്ളിച്ചിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 2.45 കോടി രൂപയാണ് ബഡജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രധാന പ്രവർത്തികളെല്ലാം 2011-12 കാലഘട്ടത്തിൽത്തന്നെ തീർക്കേണ്ടതായിട്ടുള്ളതുകൊണ്ട് 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4701-80-800-81—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാര നിർണ്ണയം

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2700-26-101-98—തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം)

തണ്ണീർമുക്കം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഷട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-001-97

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇറിഗേഷൻ, മെക്കാനിക്കൽ, ഇൻലാൻഡ് നാവിഗേഷൻ എന്നീ ഡിവിഷനുകളിലെയും പ്രോജക്ട്1, പ്രോജക്ട് 2 എന്നീ ചീഫ് എഞ്ചിനീയർമാരുടെ കീഴിലുള്ള ഡിവിഷനുകളിലേയും അതിനു കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടേയും ശമ്പളവും അലവൻസും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 53.7864 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇന്ധന വില വർദ്ധനമൂലമുള്ള അധിക ചെലവ് കണക്കിലെടുത്ത് പി. ഒ. എൽ. ഇനത്തിൽ അനുവദിച്ചിട്ടുള്ള 8 ലക്ഷം രൂപയ്ക്ക് പുറമെ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2701-80-001-94—ഓഫീസുകൾ-നെറ്റ്-വർക്കിംഗ്

ഇറിഗേഷൻ വകുപ്പ് ഓഫീസുകളിൽ നെറ്റ്‌വർക്കിംഗിനായി വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണം

2711-01-103-98—വെള്ളപ്പൊക്ക കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ

സംസ്ഥാനത്തെ പൂർത്തിയാക്കപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണപണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി 7.5001 കോടി രൂപ വീതമാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ രണ്ട് കണക്കിനങ്ങളിലും യഥാക്രമം 2.5 കോടി രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2711-02-103-99—കടലാക്രമണ നിരോധന പണികൾ - സംരക്ഷണം

നിരന്തരമായ കടലാക്രമണംമൂലം കടൽഭിത്തികൾ നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽ നിന്ന് കടൽത്തീരത്തെ രക്ഷിക്കുന്നതിനുമുള്ള അടിയന്തിര പണികൾക്കുമായി വകയിരുത്തിയിട്ടുള്ള 6.0001 കോടി രൂപ അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4711-01-103-99 (01)—വെള്ളപ്പൊക്ക നിയന്ത്രണ പണികൾ സംബന്ധിച്ച മൂലധന ചെലവ്

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റുപ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ ചെലവ് വഹിക്കുന്ന ഈ കണക്കിനത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ വകയിരുത്തിയിട്ടുണ്ട്. പണികൾ ഏറ്റെടുത്തു നടത്തുന്നതിനായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-01-103-98—തിരുവനന്തനപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പണികൾ

തിരുവനന്തരപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുന്നതിന് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഈ കണക്കിനത്തിൽ 2011-12 വർഷത്തിലേക്ക് തുക വകയിരുത്തിയിട്ടില്ല. ഈ പദ്ധതിക്കായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരളത്തിലെ നഗരപ്രദേശങ്ങളിലെ, പ്രത്യേകിച്ചും മുനിസിപ്പൽ പ്രദേശങ്ങളിലെ വെള്ളപ്പൊക്കം പരിഹരിക്കുന്നതിനാവശ്യമായ തുക പ്രത്യേക പാക്കേജായി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-01-103-93—മലബാർ ജലസേചന പാക്കേജ് (മിർപ)

മലബാർ ഭാഗത്ത് നിലവിലുള്ള ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ള 7.5 കോടി രൂപ അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾ പൂർത്തീകരിക്കുന്നതിന് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. കൂടാതെ നിലവിലുള്ള പദ്ധതികളോടൊപ്പം ടെണ്ടർ, റീ ടെണ്ടർ സ്റ്റേജിൽ ഉള്ള പണികൾക്കും ആവശ്യമായ തുക പ്രത്യേകമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

4711-01-103-92—മലബാർ ജലസേചന പാക്കേജ്

കുറ്റ്യാടി ജലസേചന പദ്ധതിയുടെ പുനർനിർണ്ണയവും നവീകരണവും നടത്തുന്നതിന് 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭരണാനുമതി ലഭിച്ച പണികൾ പൂർത്തീകരിക്കുന്നതിനായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-01-103-90—കുട്ടനാട് പാക്കേജ്

എം. എസ്. സ്വാമിനാഥൻ റിസർച്ച് അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശപ്രകാരം കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ നിലവിലുള്ള ബണ്ടുകൾ ഉയർത്തുകയും വശങ്ങൾ ബലപ്പെടുത്തുകയും ചെയ്ത് ഭാവിയിൽ ഉണ്ടാകാവുന്ന വെള്ളപ്പൊക്കത്തിൽ നിന്ന് പാടശേഖരങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തികൾക്കായി ഈ കണക്കിനത്തിൽ 200 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 75% ഗ്രാന്റ് ലഭിക്കുന്ന ഈ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നതിനനുസരിച്ച് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4711-02-103-99—കടലാക്രമണ നിരോധന പദ്ധതികൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി 25.01 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള ബൃഹത്തായ പദ്ധതിക്കുവേണ്ടി 12.5 കോടി രൂപ വകയിരുത്തുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ടി തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത 12.5 കോടി രൂപയും അധികമായി 37.5 കോടി രൂപയും കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കിയതുപോലെ ഭാരതപ്പുഴ സംരക്ഷണത്തിനുവേണ്ടി നിളാ ആക്ഷൻ പ്ലാൻ നടപ്പാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഭാരതപ്പുഴയോരത്ത് നടപ്പാത നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും അവിടത്തെ പ്രധാന പ്രശ്നം മണൽവാരൽ മൂലമുള്ള കരയിടിച്ചിലും, പുഴയുടെ വീതി വർദ്ധിക്കലും ഗതിമാറലും മറ്റുമാണെന്ന് സമിതി വിലയിരുത്തി.

കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ് സംബന്ധിച്ച കരട് ചട്ടത്തിന്റെ പരിഗണന സമിതി അടുത്ത യോഗത്തിലേക്ക് മാറ്റിവച്ചു.

സമിതിയുടെ അടുത്ത യോഗങ്ങൾ 3-8-2011, 24-8-2011 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് കൂടുന്നതിന് തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.

# 3-8-2011-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2011 ആഗസ്റ്റ് 3-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. എ. എം. ആരിഫ്
2. ശ്രീ. വി. റ്റി. ബൽറാം
3. ശ്രീ. ജി. എസ്. ജയലാൽ
4. ശ്രീ. വർക്കല കഹാർ
5. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
6. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
7. ശ്രീ. റ്റി. എൻ. പ്രതാപൻ
8. ശ്രീ. തോമസ് ചാണ്ടി
9. ശ്രീ. തോമസ് ഉണ്ണിയാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ബാലമുരളീകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. എൽ. പ്രശാന്ത്, എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി
3. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. അശോക് കുമാർ സിംഗ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
5. ശ്രീ. എം. ആർ. രമേഷ്, ഡയറക്ടർ, ഭൂജല വകുപ്പ്
6. ശ്രീമതി എസ്. കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. ടി. സി. സുബ്രൻ, ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി.

ഇന്നത്തെ യോഗത്തിൽ പരിഗണിക്കുന്നതിനായി വച്ചിരിക്കുന്ന ഡ്രാഫ്റ്റ് റൂൾ (കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ് 2011) ബന്ധപ്പെട്ട യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയേയും വാട്ടർ അതോറിറ്റി എം.ഡി.യേയും ബഹു. ചെയർമാൻ ചുമതലപ്പെടുത്തി.

സമിതി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം) XX ശുദ്ധജലവിതരണവും ശുചീകരണവും എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും താഴെപ്പറയുന്ന ശുപാർശകൾ നൽകുകയും ചെയ്തു.

### ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം)

2702-01-001-99-21 (2)

ചെറുകിട ജലസേചന വിഭാഗത്തിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച 1 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2702-03-101-98-01—<u>പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച ചെറുകിട ജലസേചന പ്രവൃത്തികൾക്കുവേണ്ട ചെലവ്</u>

ക്രോസ് ബാറുകൾ, വിയറുകൾ തുടങ്ങിയവ നിർമ്മിച്ച് 50 ഹെക്ടർ വരെ ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള ഈ പദ്ധതിക്കായി 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പുതിയ പ്രവൃത്തികൾ ചെയ്യുന്നതിനും ഏറ്റെടുത്ത പണികൾ ചെയ്ത് തീർക്കുന്നതിനും ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2702-03-101-98-02—<u>ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു പോക്കൽ</u>

ജലസേചന വകുപ്പിൻകീഴിലുള്ള നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും ചെറുകിട ജലസേചന പദ്ധതികളുടെയും കേടുപാട് തീർക്കുന്നതിനായി ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4702-101-99-01—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്</u>

ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറുകിട തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 2000 ഹെക്ടർ വരെ ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള ഒരുപദ്ധതിയാണിത്. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പുതിയ പദ്ധതികൾക്കുവേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈയിനത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4702-00-101-90—<u>ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ-നവീകരിക്കൽ</u>

നെൽകൃഷിക്കുവേണ്ടിയുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഭൂരിഭാഗവും ഇപ്പോൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. ഇവയുടെ പുനരുദ്ധാരണത്തിനും അതുവഴി നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഏറ്റെടുത്ത പണികൾ പൂർത്തീകരിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണമെനന് സമിതി ശുപാർശ ചെയ്തു.

4702-00-101-89—മലബാർ ജലസേചന പാക്കേജ് (മിർപ)

ചെറുകിട ജലസേചനത്തിനായി മലബാർ പ്രദേശത്ത് നിലവിലുള്ള റഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും പുനരുദ്ധാരണ പണികൾക്ക് വകകൊള്ളിച്ചിട്ടുള്ള 14.52 കോടി രൂപ അപര്യാപ്തമായതിനാൽ ഈയിനത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4702-00-101-88—മലബാർ ജലസേചന പാക്കേജ് (എറണാകുളം ജില്ലയ്ക്ക് വേണ്ടിയുള്ള പ്രത്യേക പാക്കേജ്)

എറണാകുളം ജില്ലയിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിനായുള്ള ഈ പദ്ധതിക്ക് 9.90 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4702-00-101-87—കുളങ്ങളുടെ നവീകരണം

ചെറുകിട ജലസേചനത്തിനായി സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി ആരംഭിച്ച ഈ പദ്ധതിക്കായി 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കരാറുകാരുടെ ബില്ലുകൾ കൊടുത്തു തീർക്കേണ്ടതിന് 10 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ഭൂജല വകുപ്പ്**

2702-02-005-77—രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി

കുടിവെള്ളലഭ്യത പൂർണ്ണമായോ ഭാഗികമായോ ഉറപ്പുവരുത്തുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിക്ക് 75 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ ഇത് 2 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഭൂജലദൗർലഭ്യം ഉള്ള പ്രദേശങ്ങളിൽ ഭൂഗർഭജലം ചൂഷണം ചെയ്യുന്ന ബോട്ടിലിംഗ് പ്ലാന്റ് പോലെയുള്ള വ്യവസായങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഭൂജലലഭ്യത സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. അമിതചൂഷണംമൂലമുള്ള ഭൂജലദൗർലഭ്യം കുറയ്ക്കുന്നതിനായി ഭൂജലം റീച്ചാർജ്ജ് ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നതായി ഭൂജല വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കഴിഞ്ഞ 2 വർഷത്തിനകം തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ പുതിയ വാട്ടർ ബോട്ടിലിംഗ് പ്ലാന്റുകൾ അനുവദിച്ചതിന്റെ റിപ്പോർട്ട് അടുത്ത യോഗത്തിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**കമാന്റ് ഏരിയാ വികസന അതോറിറ്റി (കാഡ)**

2705-00-101-82—പഴശ്ശി പ്രോജക്ട്

പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, സി.എ.ഡി.ഡബ്ലിയു.എം. ജോലികൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള 1.7 കോടി രൂപ തുലോം കുറവായതിനാൽ ഇത് 5.67 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2705-00-101-81—കാഞ്ഞിരപ്പുഴ പ്രോജക്ട്

ഈ പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള 70 ലക്ഷം രൂപയും സി.എ.ഡി.ഡബ്ലിയൂ.എം. ജോലികൾക്കായി അനുവദിച്ചിട്ടുള്ള 210 ലക്ഷം രൂപയും തികച്ചും അപര്യാപ്തമായതിനാൽ ഇവ യഥാക്രമം 1 കോടി രൂപയായും 3.065 കോടി രൂപയായും ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2705-00-101-80 —പ്രോജക്ട് ഹെഡ്ക്വാർട്ടേഴ്സ്

ഈയിനത്തിൽ അനുവദിച്ചിട്ടുള്ള എസ്റ്റാബ്ലിഷ്മെന്റ് വിഹിതമായ 1 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ കൂടി ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2705-00-101-79 —കല്ലട പ്രോജക്ട്

കല്ലട പ്രോജക്ടിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള 95 ലക്ഷം രൂപ തുലോം കുറവായതിനാൽ ഇത് 2 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. കൂടാതെ ആവശ്യത്തിന് ടെക്നിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതിനും സി.എ.ഡി.ഡബ്ല്യു.എം. ജോലികൾക്കുമായി വകയിരുത്തിയിട്ടുള്ള 290 ലക്ഷം രൂപ, 972.88 ലക്ഷം രൂപയായി ഉയർത്തി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

2705-00-101-75 —മൂവാറ്റുപുഴ ജലസേചന പദ്ധതി

ഈ പദ്ധതിക്ക് ബഡ്ജറ്റിൽ 20 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ഇത് 3.55 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. കൂടാതെ ഈ പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള 3 ലക്ഷം രൂപ 1 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

2705-00-101-77—പ്രാദേശിക ജലവിഭവ വികസനവും സംരക്ഷണവും

ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2705-00-101-74—ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം

കേരളത്തിലെ വിവിധ ജില്ലകളിലെ കുളങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 25% കേന്ദ്ര സഹായം ലഭിക്കുന്ന ഈ പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

### കേരളാ വാട്ടർ അതോറിറ്റി

2215-01-190-99 (18)—ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

1-4-2009 മുതൽ പ്രാബല്യത്തിൽ വന്ന നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിന്റെ രൂപരേഖ പ്രകാരം പദ്ധതികളുടെ മുഴുവൻ തുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ നൽകേണ്ടതാണ്. ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 83 പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി വകയിരുത്തിയിട്ടുള്ള 50 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ 62 കോടി രൂപ കൂടി സംസ്ഥാന വിഹിതമായി വാട്ടർ അതോറിറ്റിക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4215-01-800-99-01 (P)—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ

പ്രാരംഭത്തിൽ എൽ.ഐ.സി. സഹായത്തോടെ ഏറ്റെടുക്കുകയും പിന്നീട് എൽ.ഐ.സി.യുടെ സഹായത്തിന്റെ അഭാവംമൂലം പ്രവൃത്തികൾമന്ദഗതിയിലാവുകയും ചെയ്ത പല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും പുനഃപരിഷ്ക്കരിച്ച് നബാർഡിന്റെ സഹായത്തിനായി RIDF XIV-ൽ ഉൾപ്പെടുത്തി സ്പെഷ്യൽ പാക്കേജ് അസിസ്റ്റന്റ്സ് ഫ്രം നബാർഡ് (സ്പാൻ) ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിനായും കാലഹരണപ്പെട്ട പമ്പ്, മോട്ടോർ എന്നിവയുടെ പുനരുദ്ധാരണത്തിനായും 2011-12-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 32.64 കോടി രൂപ അപര്യാപ്തമായതിനാൽ 167.36 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

നോൺ പ്ലാൻ ഇനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് വിവിധ ഇനങ്ങളിലുള്ള വരവ് കഴിച്ചുള്ള റവന്യൂ ചെലവായി കണക്കാക്കിയിട്ടുള്ളത് 507.65 കോടി രൂപയാണ്. എന്നാൽ 155.66 കോടി രൂപ മാത്രമാണ് ഈയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 351.99 കോടി രൂപ കൂടി നോൺ പ്ലാൻ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പൈപ്പുകളെല്ലാം നിലവാരമില്ലാത്തവയാണെന്നും കാലഹരണപ്പെട്ട പമ്പുസെറ്റുകളും മോട്ടോറുകളും ഉപയോഗിക്കുന്നതുമൂലം ഭീമമായ വൈദ്യുതി ചാർജ് അടയ്ക്കേണ്ടിവരുന്നതായും സമിതി വിലയിരുത്തി. അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി കൂടുതൽ തുക വകയിരുത്തിയിരുന്നത് സംബന്ധിച്ച് ഉന്നതതല ചർച്ച നടത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഉച്ചയ്ക്ക് 12.55-ന് സമിതി യോഗം പിരിഞ്ഞു.

# 6-9-2011-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 6-9-2011 ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി.ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. കെ. കെ. ജയചന്ദ്രൻ
2. ശ്രീ. ജി. എസ്. ജയലാൽ
3. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ).

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ബാലമുരളീകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. എ. കെ. സിംഗ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീമതി എസ്. കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്ന 2011-ലെ കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ് സംബന്ധിച്ച കരട് ചട്ടം അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവെച്ചു.

സബ്ജക്ട് കമ്മിറ്റി-III ന്റെ 2011-12 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് സമിതിയുടെ 31-3-2011 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് അംഗീകരിച്ചു.

സമിതി രാവിലെ 11.35-ന് യോഗം പിരിഞ്ഞു.

## 18-10-2011-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 18-10-2011 ചൊവ്വാഴ്ച വൈകുന്നേരം 4.10-ന് നിയമസഭാ കോംപ്ലക്സിലെ 'V-ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. എ. എം. ആരിഫ് എം. എൽ. എ.
2. ശ്രീ. വി. റ്റി. ബൽറാം ,,
3. ശ്രീ. കെ. കെ. ജയചന്ദ്രൻ ,,
4. ശ്രീ. ജി. എസ്. ജയലാൽ ,,
5. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) ,,
6. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ,,
7. ശ്രീ. റ്റി. എൻ. പ്രതാപൻ ,,
8. ശ്രീ. തോമസ് ചാണ്ടി ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി എസ്. കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. എ. കെ. സിംഗ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
4. ശ്രീമതി ടി. ഡി. ഫ്രിഡ ജാസ്മിൻ, ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
5. ശ്രീമതി അനിത ദാമോദരൻ, ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
6. ശ്രീ. എസ്. സുരേഷ് ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീമതി സൂസൻ ജേക്കബ്, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
8. ശ്രീ. മഹാനുദേവൻ, ചീഫ് എഞ്ചിനീയർ, ഐ. ഡി. ആർ. ബി. തിരുവനന്തപുരം

സമിതി ആദ്യം 2011 -ലെ കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ് സംബന്ധിച്ച കരട് ചട്ടം പരിഗണിച്ചു.

ബന്ധപ്പെട്ട യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനുള്ള 3-8-2011-ലെ സമിതി നിർദ്ദേശപ്രകാരം ട്രേഡ് യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കരട് ചട്ടത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചതായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

കാറ്റഗറി നമ്പർ 36, 37, 38, 51, 64, 70, 72 എന്നിവ നിലനിർത്തുവാനും പുതിയതായി കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കാനും സ്വീവേർ ക്ലീനർ തസ്തിക സ്വീവേർ വർക്കർ എന്ന് പുനർനാമകരണം ചെയ്യുന്നതിനും തീരുമാനിച്ചതായും മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള കരട് ചട്ടത്തിൽ നിന്നും മാറ്റങ്ങൾ വന്നിട്ടുള്ളതിനാലും നിലനിർത്തുന്ന തസ്തികകളുടെ യോഗ്യത സംബന്ധിച്ച് നിഷ്ക്കർഷിച്ചിട്ടില്ലാത്തതിനാലും ഫയൽ നിയമവകുപ്പിന് കൈമാറേണ്ടതുണ്ടെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

കരട് ചട്ടത്തിൽ ആവശ്യമായ ഭേദഗതികൾവരുത്തി സമിതിയിൽ സമർപ്പിക്കുന്നതിന് ജലവിഭവ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ജലവിഭവ വകുപ്പിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു :

1. 2006-07-ലെ ഒന്നാമത് റിപ്പോർട്ട്
   ശുപാർശ നമ്പർ 23
   ഫയൽ നമ്പർ 12446/സബ്സി. എ1/06/ലെജി.

2. 2007-08-ലെ രണ്ടാമത് റിപ്പോർട്ട്
   ശുപാർശ നമ്പർ 18, 19, 22
   ഫയൽ നമ്പർ 13723/സബ്സി. എ1/07/ലെജി.

3. 2008-09-ലെ മൂന്നാമത് റിപ്പോർട്ട്
   ശുപാർശ നമ്പർ 12, 14, 15, 18, 21
   ഫയൽ നമ്പർ 15928/സബ്സി. എ1/08/ലെജി.

4. 2009-10-ലെ നാലാമത് റിപ്പോർട്ട്
   ശുപാർശ നമ്പർ 6
   ഫയൽ നമ്പർ 15819/സബ്സി. എ1/09/ലെജി.

5. 2010-11-ലെ അഞ്ചാമത് റിപ്പോർട്ട്
   ശുപാർശ നമ്പർ 2, 4, 8, 9, 10, 11, 12 ,13, 17, 18, 19
   ഫയൽ നമ്പർ 15010/സബ്സി. എ1/10/ലെജി.

ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്ത ജലവിതരണ പദ്ധതികൾ സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറിൽ നിന്നും തെളിവെടുക്കുവാനും അതിനായി പദ്ധതികളുടെ ലിസ്റ്റ് ജലവിഭവവകുപ്പിൽ നിന്നും എത്രയുംവേഗം ലഭ്യമാക്കുവാനും സമിതി തീരുമാനിച്ചു.

6. പെപ്സി കമ്പനിയുടെ അമിത ജല ഉപയോഗവും ജലമലിനീകരണവും സംബന്ധിച്ച റിപ്പോർട്ട്
ശുപാർശ നമ്പർ 32
ഫയൽ നമ്പർ 13848/സബ്സി. എ1/10/ലെജി.

പ്രസ്തുത ശുപാർശയിന്മേൽ വ്യവസായ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി അതൃപ്തി രേഖപ്പെടുത്തി. പല വൻകിട വ്യവസായ സ്ഥാപനങ്ങളും കേരളത്തിലെ ഭൂഗർഭജലം അശാസ്ത്രീയമായും അമിതമായും ചൂഷണം ചെയ്തു കൊണ്ടിരിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഭൂഗർഭജലം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുവഴി അനുമതി നൽകുന്നതിന് മുമ്പായി ജലവിഭവ വകുപ്പുമായും മറ്റ് അനുബന്ധ സ്ഥാപനങ്ങളുമായും ജനപ്രതിനിധികളുമായും ചർച്ചചെയ്യണമെന്നും ഇത് സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും കൂടുതൽ വിശദീകരണം ആരായണ മെന്നും സമിതി നിർദ്ദേശിച്ചു.

സമിതിയുടെ അടുത്ത യോഗം 1-11-2011-ന് സഭ പിരിഞ്ഞതിനുശേഷം കൂടുന്നതിന് തീരുമാനിച്ചു.

വൈകുന്നേരം 5 മണിക്ക് യോഗം പിരിഞ്ഞു.

# 8-12-2011-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2011 ഡിസംബർ 8-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് തേക്കടി പെരിയാർ ഹൗസ് കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. എ. എം. ആരിഫ്
2. ശ്രീ. ജി. എസ്. ജയലാൽ
3. ശ്രീ. വർക്കല കഹാർ
4 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
5. ശ്രീ. റ്റി. എൻ. പ്രതാപൻ
6. ശ്രീ. തോമസ് ചാണ്ടി

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ഇ. ദേവദാസൻ, ജില്ലാകളക്ടർ, ഇടുക്കി
2. ശ്രീ. എം. കെ. പരമേശ്വരൻ നായർ, ചെയർമാൻ, മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ
3 ശ്രീമതി ലതിക. പി, ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യു, തിരുവനന്തപുരം
4 ശ്രീ. കെ. മുരളീധരൻ, എ.ഡി.എം, ഇടുക്കി
5 ശ്രീ. സജ്ഞയൻ കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, പി.റ്റി.ആർ.
6 ശ്രീ. ജോൺ മത്തായി, ശാസ്ത്രജ്ഞൻ, സെസ്സ്
7. ശ്രീ. ടോമി ജോർജ്ജ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ
8. ശ്രീ. ടി. പി. പ്രേംചന്ദ്, ചീഫ് എഞ്ചിനീയർ, (മെക്കാനിക്കൽ), ഇറിഗേഷൻ
9. ശ്രീ. ടി. എച്ച്. ഷാനവാസ് ഖാൻ, തഹശീൽദാർ, പീരുമേട്.

അടുത്തിടെയുണ്ടായ ഭൂചലനംമൂലം മുല്ലപ്പെരിയാർ അണക്കെട്ടിൽ രൂപപ്പെട്ടിട്ടുള്ള വിള്ളൽ നേരിൽക്കണ്ട് പരിശോധിക്കുന്നതിനും സ്ഥിതിഗതികൾ വിലയിരുത്തുന്നതിനുമായാണ് സമിതി യോഗം ചേരുന്നത് എന്ന് ചെയർമാൻ ആമുഖമായി പറഞ്ഞു.

മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലും മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ ചെയർമാനും ഹൈക്കോടതിയിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് വിശദീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. കഴിഞ്ഞ ഒമ്പത് മാസത്തിനിടയിൽ 25 തവണ ഭൂചലനമുണ്ടാകുകയും 6.51 വരെ തീവ്രതയുള്ള ഭൂചലനം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് കരുതപ്പെടുമ്പോൾപോലും ഭൂചലനത്തെക്കുറിച്ച് സ്പെഷ്യൽ സെൽ ചെയർമാനോ അഡ്വ. ജനറലോ ഹൈക്കോടതിയിൽ കൊടുത്ത സ്റ്റേറ്റ്മെന്റുകളിൽ പരാമർശിച്ചിട്ടില്ല എന്നും ബേബി ഡാമിൽ നേരത്തെയുള്ള ചോർച്ചയെക്കുറിച്ച് ഒന്നും സൂചിപ്പിച്ചിട്ടില്ല എന്നും സമിതി വിലയിരുത്തി. അണക്കെട്ടിലെ ജലനിരപ്പ് 120 അടിയായി കുറയ്ക്കുന്നതിന് കേരള സർക്കാർ കേന്ദ്രസർക്കാരിനേയും സുപ്രീം കോടതിയേയും സമീപിച്ചിട്ടുള്ള സാഹചര്യത്തിൽ സുരക്ഷയും ജലനിരപ്പും തമ്മിൽ ബന്ധമില്ല എന്നും മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം ഇടുക്കി അണക്കെട്ട് താങ്ങും എന്നും അഡ്വ. ജനറലും സ്പെഷ്യൽ സെൽ ചെയർമാനും ഹൈക്കോടതിയിൽ സ്റ്റേറ്റ്മെന്റ് നൽകിയത് തികച്ചും ഖേദകരമാണ് എന്നു സമിതി വ്യക്തമാക്കി.

മുല്ലപ്പെരിയാർ അണക്കെട്ട് തകർന്നാൽ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നാണ് ഹൈക്കോടതി ആരാഞ്ഞതെന്ന് സ്പെഷ്യൽ സെൽ ചെയർമാൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. മുല്ലപ്പെരിയാർ അണക്കെട്ട് തകർന്നാൽ വെള്ളം ഇടുക്കി അണക്കെട്ടിന് താങ്ങാൻ കഴിയുമോ എന്ന ഹൈക്കോടതിയുടെ ചോദ്യത്തിന് മറുപടിയായി കെ.എസ്.ഇ.ബി. ചെയർമാനിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ, ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് താഴ്ത്തിവച്ചിരിക്കുകയാണെന്നും അന്നേദിവസം മുല്ലപ്പെരിയാർ അണക്കെട്ടിലുണ്ടായിരുന്ന 11.3 ടി.എം.സി. ജലം ഇടുക്കി അണക്കെട്ടിന് ഉൾക്കൊള്ളാൻ കഴിയുമെന്നുമാണ് താൻ പറഞ്ഞത് എന്നും അറിയിച്ചു.

മുല്ലപ്പെരിയാർ അണക്കെട്ടിൽ ഇപ്പോഴുള്ള വെള്ളംകൂടി ഉൾക്കൊള്ളാൻ ഇടുക്കി അണക്കെട്ടിന് സാങ്കേതികമായി കഴിയുമെങ്കിൽപ്പോലും ഒരു പ്രളയമുണ്ടായാലുള്ള ഫലം പ്രവചനാതീതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. അപ്രകാരം താൻ കോടതിയിൽ പറഞ്ഞിട്ടുണ്ടെന്നും കൂടുതൽ വിശദീകരണം നൽകാൻ അവസരം ലഭിച്ചില്ലെന്നും മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ ചെയർമാൻ സമിതിയെ അറിയിച്ചു. മുല്ലപ്പെരിയാർ അണക്കെട്ടിലെ വെള്ളം ഇടുക്കി അണക്കെട്ടിന് ഉൾക്കൊള്ളാൻ കഴിയുമെന്ന് കേരള സർക്കാർ സ്ഥിരീകരിച്ചിട്ടുണ്ട് എന്ന് കഴിഞ്ഞ വിധിന്യായത്തിൽ ഉണ്ടായിരുന്നത് തള്ളിക്കളയണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ ആറുവർഷക്കാലം സെപ്റ്റംബർ, ഒക്ടോബർ മാസത്തിലെ ജലത്തിന്റെ അളവും ജലനിരപ്പും രേഖപ്പെടുത്തി സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ടെന്നും സെൽ ചെയർമാൻ കൂട്ടിച്ചേർത്തു.

ദുരന്തനിവാരണ സെല്ലിൽനിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അഡ്വ. ജനറൽ കോടതിയിൽ മൊഴി നൽകിയിട്ടുള്ളതെന്നും മുല്ലപ്പെരിയാർ സ്പെഷൽ സെല്ലിന്റെ അഭിപ്രായം തേടിയിരുന്നില്ല എന്നും സെൽ ചെയർമാൻ അറിയിച്ചു.

മുല്ലപ്പെരിയാർ അണക്കെട്ട് തകർന്നുപോയാൽ 450 വീടുകൾ മാത്രമേ തകരൂ എന്ന് കോടതിയിൽ മൊഴി നൽകിയത് എവിടെനിന്നും ലഭിച്ച കണക്കിന്റെ അടിസ്ഥാനത്തിലാണ്

എന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതല വഹിക്കുന്ന ജില്ലാകളക്ടറോട് സമിതി ആരാഞ്ഞു. നവംബർ 23 -ാം തീയതി അണക്കെട്ടിൽ നാല് അടി വെള്ളം ഉയർന്നപ്പോൾ എത്ര വീടുകളിൽ വെള്ളം കയറും എന്നത് സംബന്ധിച്ചാണ് 450 എന്ന കണക്ക് നൽകിയിരുന്നത് എന്നും മുല്ലപ്പെരിയാർ അണക്കെട്ട് തകർന്നാലുണ്ടാകുന്നത് സംബന്ധിച്ച് യാതൊരു പരാമർശവും നൽകിയിട്ടില്ല എന്നും ജില്ലാകളക്ടർ വ്യക്തമാക്കി.

തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗത്തിൽ അണക്കെട്ട് തകരുകയാണെങ്കിൽ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്തിരുന്നുവെന്നും അണക്കെട്ട് പൊട്ടിയാൽ ഏതെല്ലാം വഴിക്ക് വെള്ളം ഒഴുകും എന്നത് സംബന്ധിച്ച് ഒരു ഭൂപടം തയ്യാറാക്കി നൽകിയിട്ടുണ്ട് എന്നും സെസ്സിലെ ശാസ്ത്രജ്ഞൻ അറിയിച്ചു. ജൂലൈ 26-നുശേഷം ഇടുക്കിയിൽ ഇരുപത്തിയഞ്ചോളം ഭൂകമ്പങ്ങളുണ്ടായിട്ടുണ്ടെന്നും ദൂരം കൂടുന്തോറും ചെറിയ ഭൂകമ്പങ്ങൾ റെക്കോഡ് ചെയ്യപ്പെടാറില്ല എന്നതിനാൽ ഇടുക്കി നെറ്റ്‌വർക്കിലുള്ള സ്റ്റേഷനിൽ ഈ കാലയളവിൽ 18 ഭൂകമ്പങ്ങൾ റെക്കോഡ് ചെയ്തിട്ടുണ്ട് എന്നും അദ്ദേഹം അറിയിച്ചു. ഇക്കാലയളവിൽ ചെന്നൈയിൽ 4 ഭൂകമ്പങ്ങൾ മാത്രമേ റെക്കോഡ് ചെയ്യപ്പെട്ടിട്ടുണ്ടാകൂ എന്നും അതുകൊണ്ടായിരിക്കാം തമിഴ്നാട് മുഖ്യമന്ത്രി 4 ഭൂകമ്പങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന് പറയുന്നത് എന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു.

മുല്ലപ്പെരിയാർ അണക്കെട്ട് സിസ്മിക് സോൺ 4-ൽ ആണ് സ്ഥിതി ചെയ്യുന്നതെന്നും 7.5 വരെ തീവ്രതയുള്ള ഭൂചലനങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ശാസ്ത്രജ്ഞൻ അറിയിച്ചു. കൂടാതെ അണക്കെട്ടിനെ രണ്ടായി ഭാഗിച്ചുകൊണ്ട് അതിനകത്തുതന്നെ അപകടകരമായ ഒരു ഭ്രംശമേഖലയുണ്ടെന്നും റിക്ടർ സ്കെയിലിൽ 5 തീവ്രതയുള്ള ഭൂകമ്പം അവിടെ ഉണ്ടായാൽ അണക്കെട്ടിന് അപകടമുണ്ടാകുമെന്നും അറിയിച്ചു.

ജില്ലാകളക്ടറിൽ നിന്നും മറ്റ് ബന്ധപ്പെട്ടവരിൽ നിന്നും ശരിയായ വിവരങ്ങൾ ശേഖരിക്കാതെ അടിസ്ഥാനരഹിതമായി സത്യവാങ്മൂലം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചത് സംബന്ധിച്ച് അഡ്വ. ജനറൽ ബഹു. സ്പീക്കറുടെ അനുമതിയോടെ സമിതി മുമ്പാകെ ഹാജരായി വിശദീകരണം നൽകുന്നതിനും കൂടാതെ, മുല്ലപ്പെരിയാൽ സ്പെഷ്യൽ സെൽ ചെയർമാൻ, ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ചുമതല വഹിക്കുന്ന ശ്രീമതി കെ. ബി. വത്സലകുമാരി എന്നിവരിൽ നിന്നും വിശദീകരണം തേടുന്നതിനും സമിതി തീരുമാനിച്ചു.

രാവിലെ 10.10-ന് സമിതി യോഗം പിരിഞ്ഞു. തുടർന്ന് 10.30-ന് തേക്കടി ബോട്ട് ലാന്റിംഗ് സെന്ററിൽ നിന്നും യാത്രതിരിച്ച സമിതി രാവിലെ 11.45-ന് മുല്ലപ്പെരിയാർ അണക്കെട്ടിൽ എത്തി.

സമിതി മെയിൻ ഡാം, ബേബി ഡാം, സ്പിൽവേ തുടങ്ങിയവ സന്ദർശിച്ചു. സമിതിയെ അനുഗമിച്ച ഉദ്യോഗസ്ഥരും മുല്ലപ്പെരിയാറിൽ ഹാജരായിരുന്ന ഉദ്യോഗസ്ഥരും അണക്കെട്ടിന്റെ ബലക്ഷയം സംബന്ധിച്ച കാര്യങ്ങൾ സമിതിക്ക് വിശദീകരിച്ചു കൊടുത്തു.

അണക്കെട്ടിന്റെ പുറംഭിത്തിയിൽ പലയിടത്തും ലീക്കേജ് സംഭവിച്ചിട്ടുള്ളതായും ജോയിന്റുകളിൽ ശക്തമായ ചോർച്ചയുള്ളതായും സമിതി കണ്ടെത്തി. അണക്കെട്ടിനെ ശക്തിപ്പെടുത്താനായി മുൻവശത്തുവച്ച ചെമ്പുതകിട് തകർന്നതുകൊണ്ടാണ് ചോർച്ച അനുഭവപ്പെടുന്നതെന്ന് സ്പെഷ്യൽ സെൽ ചെയർമാൻ അറിയിച്ചു. പുറംഭിത്തികളിൽ ശക്തമായ ചോർച്ച അനുഭവപ്പെടുന്നതിനാൽ അണക്കെട്ട് ദുർബലമാണെന്നതിന് മറ്റൊരു തെളിവിന്റെ ആവശ്യമില്ലെന്ന് സെസ്സിലെ ശാസ്ത്രജ്ഞൻ ബോധിപ്പിച്ചു.

മെയിൻ ഡാമിനുമുകളിൽ സ്ഥാപിച്ചിട്ടുള്ള കേബിൾ ആങ്കർ മോഡൽ സമിതി പരിശോധിച്ചു. പുതിയ അണക്കെട്ട് പണിയുന്നതുവരെ നിലവിലുള്ളതിനെ ബലപ്പെടുത്തുന്നതിനായി 9 അടി അകലത്തിൽ 94 കേബിൾ ആങ്കറിംഗ് കമ്പികൾ കേന്ദ്ര ജല കമ്മീഷന്റെ നിർദ്ദേശപ്രകാരമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും എന്നാൽ കേബിൾ ആങ്കറിംഗ് കമ്പികളിൽ പലതും ഇളകിയ അവസ്ഥയിലാണെന്നും സമിതിയെ അനുഗമിച്ച വിദഗ്ധർ അറിയിച്ചു.

നിലവിലുള്ള ഡാമിനുതാഴെ സംരക്ഷണ അണക്കെട്ട് നിർമ്മിക്കണമെന്ന സമിതി അംഗത്തിന്റെ നിർദ്ദേശത്തിന്മേൽ കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതിക ക്ലിയറൻസ് അതിന് ആവശ്യമാണെന്നും മുല്ലപ്പെരിയാർ വിഷയം ചർച്ച ചെയ്യുന്നതിനായി അടുത്ത ദിവസം ചേരുന്ന പ്രത്യേക നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത നിർദ്ദേശം ഉന്നയിക്കുന്നതിനും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

അണക്കെട്ടിനുള്ളിലെ ഇടനാഴിയായ ഗാലറിയുടെ കവാടം തമിഴ്നാട് ഉദ്യോഗസ്ഥർ പൂട്ടിയിരുന്നതിനാൽ സമിതിക്ക് ഗാലറിയിലേക്ക് പ്രവേശിക്കുവാനും അണക്കെട്ടിന്റെ സുരക്ഷയും ചോർച്ചയും പരിശോധിക്കുന്നതിനും സാധിച്ചില്ല. വകുപ്പുമന്ത്രി ചെയർമാനായ സബ്ജക്ട് കമ്മിറ്റി ഗാലറി സന്ദർശിക്കുന്നത് തമിഴ്നാടിന് ഗുണകരമാവില്ലെന്ന് മനസ്സിലാക്കിയതുകൊണ്ടാകാം ഇപ്രകാരം ചെയ്തതെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

സമിതി റൂർക്കി, ഡൽഹി ഐ.ഐ.ടി.കൾ സന്ദർശിച്ച് മുല്ലപ്പെരിയാറിലെ ഭൂകമ്പ സാദ്ധ്യതകളെക്കുറിച്ചും അണക്കെട്ട് തകർന്നാലുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചും അവിടെയുള്ള വിദഗ്ധരുമായി ചർച്ച ചെയ്യേണ്ടതാണെന്നും അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

മുല്ലപ്പെരിയാർ അണക്കെട്ട് സന്ദർശനം പൂർത്തിയാക്കി ഉച്ചയ്ക്കുശേഷം 1.30-ന് യാത്രതിരിച്ച സമിതി 3.00 മണിക്ക് തേക്കടി ബോട്ട്ലാന്റിംഗ് സെന്ററിൽ എത്തിച്ചേർന്നു. വൈകിട്ട് 3.30-ന് തേക്കടി പെരിയാർ ഹൗസിൽവച്ച് സമിതി പിരിഞ്ഞു.

## 25-1-2012-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III 2012 ജനുവരി മാസം 25-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ കോംപ്ലക്സിലെ 'V സി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. എ. എം. ആരിഫ്
2. ശ്രീ. വർക്കല കഹാർ
3. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ജയകുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ഐ.എസ്.ഡബ്ല്യൂ
2. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. പ്രദീപ് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
4. ശ്രീ. ടി. എം. മനോഹരൻ, ചെയർമാൻ, കെ.എസ്.ഇ.ബി.
5. ശ്രീമതി അന്നമ്മ ജോൺ, മെമ്പർ (ജനറേഷൻ പ്രോജക്ട്), കെ.എസ്.ഇ.ബി.
6. ശ്രീ. എൻ. പി. കുര്യൻ, ഡയറക്ടർ, സെസ്സ്
7. ശ്രീ. ജോൺ മത്തായി, സയന്റിസ്റ്റ്, സെസ്സ്
8. ശ്രീ. ബാബു. ഡബ്ല്യു ജോസഫ്, ഹൈഡ്രോ ജിയോളജിസ്റ്റ്, ഭൂജലവകുപ്പ്
9. ശ്രീ. ആർ. പ്രസന്നകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, റിസർച്ച് ആന്റ് ഡാം സേഫ്റ്റി ഡിവിഷൻ-III കെ.എസ്.ഇ.ബി., വാഴത്തോപ്പ്
10. ശ്രീമതി അനിതാ ദാമോദരൻ, ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
11. ശ്രീമതി എൽ. ഗീത, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്
12. ശ്രീമതി സൂസൻ ജേക്കബ്, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
13. ശ്രീ. വി. കെ. മഹാനുദേവൻ, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.
14. ഡോ. ശേഖർ എൽ.കുര്യാക്കോസ്, ഹെഡ് സയന്റിസ്റ്റ്, റിസർച്ച് ലാബ്, എച്ച്.വി.ആർ.എ. സെൽ

സമിതി മുല്ലപ്പെരിയാർ അണക്കെട്ട് സന്ദർശനത്തിനുശേഷം സംജാതമായിട്ടുള്ള സ്ഥിതിഗതികളെക്കുറിച്ചും ഈ വിഷയത്തിൽ സർക്കാർ ഇതുവരെ സ്വീകരിച്ചതും ഇനി സ്വീകരിക്കേണ്ടതുമായ നടപടികളെ സംബന്ധിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

സുപ്രീം കോടതി നിയമിച്ച ഉന്നതാധികാര സമിതി മുമ്പാകെയുള്ള കേരളത്തിന്റെയും തമിഴ്നാടിന്റെയും വാദങ്ങൾ ഏറെക്കുറെ അവസാനിച്ച നിലയിലാണെന്നും മുല്ലപ്പെരിയാർ അണക്കെട്ട് ദുർബലമല്ലെന്ന് പറയാൻ ഉന്നതാധികാര സമിതിക്ക് കഴിയാത്ത തരത്തിൽ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യമുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി, ഐ.എസ്.ഡബ്ള്യു വ്യക്തമാക്കി. ഉന്നതാധികാര സമിതി അണക്കെട്ടിൽ നടത്തുന്ന പരിശോധനയുടെ ഫലങ്ങൾ കേരളത്തിന് അനുകൂലമാണെന്നും ബോർഹോൾ പരിശോധനയിൽ സുർക്കിയുടെയും ചുണ്ണാമ്പിന്റെയും അംശം അല്പം പോലും ലഭിച്ചില്ല എന്നത് ഇതിന് തെളിവാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. കേരളത്തിന് സുരക്ഷ എന്നതുപോലെ തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിനും നമുക്ക് ബാദ്ധ്യതയുണ്ടെന്നും അതിനായി ഒരു പുതിയ അണക്കെട്ട് ഉണ്ടാക്കുകയാണ് നമ്മുടെ ഉദ്ദേശ്യമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിനായി ഒരു പ്രത്യേക കമ്മറ്റിയുണ്ടാക്കുമെന്നും അതിനായി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുമെന്നും ബഹു. ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവിച്ചിരുന്നു. 601 കോടി രൂപയ്ക്ക് പുതിയ അണക്കെട്ട് പണിയാമെന്നുള്ള പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കിയെന്നും പ്രയോഗക്ഷമതാറിപ്പോർട്ടും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും ഉന്നതാധികാര സമിതി മുമ്പാകെ സമർപ്പിച്ചു എന്നും പ്രോജക്ട് റിപ്പോർട്ട് ഏതാണ്ട് അംഗീകരിക്കപ്പെട്ട സ്ഥിതിയിലാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. എന്നാൽ ഒരു കമ്മിറ്റി രൂപീകരിച്ച് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുമ്പ് ചില നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട് എന്നും കടുവ സംരക്ഷണ പ്രദേശത്തിന്റെ ചില ഭാഗങ്ങൾ ഉൾപ്പെടുന്നതുകൊണ്ട് പാരിസ്ഥിതിക ആഘാതം സംബന്ധിച്ച് പഠനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഇതിനുവേണ്ടി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അംഗീകാരമുള്ള ഫേമുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചുവെങ്കിലും ഒരു സ്ഥാപനം മാത്രമേ പ്രതികരണമറിയിച്ചിട്ടുള്ളൂ എന്നതിനാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുവാൻ കേരള സർക്കാർതന്നെ ചുമതലപ്പെടുത്തിയെന്നും അപ്രകാരം നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 95 ലക്ഷം രൂപയ്ക്ക് പഠനം നടത്തുവാൻ ഒരു സ്ഥാപനം തയ്യാറായിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 4 സീസണുകളിലെ റീഡിംഗ് എടുത്താൽ മാത്രമേ പഠനം നടത്താൻ കഴിയുകയുള്ളൂ എന്നതിനാൽ ഈ പഠനം നടത്തുന്നതിന് ഒരു വർഷമെങ്കിലും ആവശ്യമാണ് എന്നും അറിയിച്ചു.

പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനെക്കുറിച്ചും അതിന്റെ നിയന്ത്രണാവകാശത്തെക്കുറിച്ചും ഇരു സംസ്ഥാനങ്ങളോടും അഭിപ്രായമാരാഞ്ഞതോടെ ഉന്നതാധികാര സമിതിയും പുതിയ അണക്കെട്ടിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയതായി ചെയർമാൻ അഭിപ്രായപ്പെട്ടു.

തമിഴ്നാടിന് വെള്ളം കൊടുക്കാൻ തയ്യാറാണെന്ന് കേരളം അറിയിച്ച സാഹചര്യ ത്തിൽ കരാറിന്റെ കാലാവധി, നിയന്ത്രണം എന്നിവ സംബന്ധിച്ച കാര്യങ്ങൾ വ്യക്ത മാക്കുന്നതിന് ഉന്നതാധികാര സമിതി ആവശ്യപ്പെട്ടുവെന്നും അണക്കെട്ട് പണിയുന്നതി നാവശ്യമായ 1000 കോടി രൂപ മുടക്കാൻ കേരള സർക്കാരിന് കഴിയുമോ എന്ന ചോദ്യ ത്തിനുത്തരമായി 3 മുതൽ 5 വരെ വർഷങ്ങൾ കൊണ്ടുമാത്രമേ അണക്കെട്ടിന്റെ പണി പൂർത്തിയാകുകയുള്ളു എന്നതിനാൽ ഒരു വർഷം 250 കോടി രൂപ മുടക്കാൻ കേരള സർക്കാരിന് കഴിയുമെന്ന് ഉറപ്പുനൽകിയിട്ടുണ്ടെന്നും ചെയർമാൻ അറിയിച്ചു.

പുതിയ അണക്കെട്ടിലെ ജലനിരപ്പ് 136 അടിവരെയാണെങ്കിൽ പുതുതായി ഒരു സ്ഥലവും മുങ്ങിപ്പോകില്ലെന്നും 2 അണക്കെട്ടുകളുടേയും ഇടയ്ക്കുള്ള 1300 അടി താഴ്ച യിലുള്ള 50 ഹെക്ടർ സ്ഥലത്തിന് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് സാങ്കേതിക പ്രശ്നങ്ങൾ മാത്രമേ ഉള്ളൂവെന്നും ചെയർമാൻ കൂട്ടിച്ചേർത്തു.

തുടർന്ന് സമിതി മുല്ലപ്പെരിയാർ അണക്കെട്ട് തകർന്നാലുള്ള ദുരന്തം നേരിടാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്തു. മുല്ലപ്പെരിയാറിനും ഇടുക്കിക്കും ഇടയ്ക്കുള്ള സ്ഥലത്തിന്റെ ഡാം ബ്രേക്ക് അനാലിസിസ് റിപ്പോർട്ട് റൂർക്കി ഐ.ഐ.ടി യിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്നും അണക്കെട്ട് തകർന്നാൽ ജലനിരപ്പ് ഓരോ സ്ഥലത്തും എത്രയായിരിക്കുമെന്നും ഏതെല്ലാം രിതിയിൽ എവിടെയെല്ലാം റിപ്പയർ ചെയ്യേണ്ടി വരുമെന്നതും സംബന്ധിച്ച് ഒരു മേപ്പ് തയ്യാറാക്കി ഐ.ഐ.ടി.യിലെ വിദഗ്ദ്ധർ സെസ്സിന് നൽകിയിട്ടുണ്ട് എന്നും ചെയർമാൻ അറിയിച്ചു.

റൂർക്കി ഐ.ഐ.ടി. സമർപ്പിച്ച ഇനൻഡേഷൻ മേപ്പ് മനസ്സിലാക്കുന്നതിൽ സെസ്സിന് പരിമിതികളുണ്ട് എന്നും സെസ്സ് തയ്യാറാക്കിയ റിപ്പോർട്ടിൽനിന്നും പ്രകടമായ 3 വ്യത്യാസങ്ങൾ ഈ റിപ്പോർട്ടിൽ കാണുന്നുണ്ട് എന്നും സെസ്സ് ശാസ്ത്രജ്ഞൻ അറിയിച്ചു.

പെരിയാറിൽ വന്നുചേരുന്ന ചിന്തലാർപോലെയുള്ള മേജർ പുഴകളുടെ ഭാഗം ഇനൻഡേഷൻ മാപ്പിൽ കാണിച്ചിട്ടില്ല എന്നും ഇടുക്കി റിസർവോയറിന്റെ അറ്റത്ത് മതിലുപോലെ വെള്ളംവന്ന് നിൽക്കുന്നതായാണ് മേപ്പിൽ കാണിച്ചിട്ടുള്ളതെന്നും വെള്ളം ഇടുക്കി അണക്കെട്ടിലേക്ക് വരുന്നതായി കാണിച്ചിട്ടില്ല എന്നും കൂടാതെ പുഴയുടെ വലതുവശത്ത് കൂടുതൽ വെള്ളം കയറുന്നതായാണ് കാണിച്ചിട്ടുള്ളതെന്നും സെസ്സ് ശാസ്ത്രജ്ഞൻ ചൂണ്ടിക്കാണിച്ചു.

ആക്ച്വൽ ക്രോസ് സെക്ഷൻ അനുസരിച്ചാണ് ഡാം ബ്രേക്ക് അനാലിസിസ് നടത്തിയിട്ടുള്ളതെന്നും ഇതിൽ മുല്ലപ്പെരിയാർ മുതൽ ഇടുക്കിവരെ മാത്രമേ ഇപ്പോൾ ഉൾക്കൊള്ളിച്ചിട്ടുള്ളൂ എന്നും ബാക്കിയുള്ളവ അടുത്ത റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കു മെന്നും ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

റൂർക്കി ഐ.ഐ.ടി. സമർപ്പിച്ച റിപ്പോർട്ട് തികച്ചും സാങ്കേതികവും ശാസ്ത്രീയവും ആയതിനാൽ ഇത് പൂർണ്ണമായും മനസ്സിലാക്കുന്നതിനും സെസ്സ് ശാസ്ത്രജ്ഞൻ ഉന്നയിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ജലവിഭവവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, സെസ്സ് ശാസ്ത്രജ്ഞർ, റൂർക്കി ഐ.ഐ.ടി.യുടെ ഒരു പ്രതിനിധി എന്നിവരുമായി ഒരു ചർച്ച നടത്തണമെന്നും ഇതിനായി ഐ.ഐ.ടി.യുടെ പ്രതിനിധി കളോട് അടിയന്തിരമായി കേരളത്തിലെത്താൻ ആവശ്യപ്പെടണമെന്നും ജലവിഭവ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

അണക്കെട്ട് തകർന്നാൽ ഏകദേശം 51 സ്ക്വയർ കിലോമീറ്ററോളം ദൂരത്തിൽ വെള്ളം കയറുമെന്ന് ഇനൻഡേഷൻ മേപ്പിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഓരോ പഞ്ചായത്തിലും ഏതെല്ലാം ഭാഗങ്ങളിൽ വെള്ളം കയറുമെന്നത് സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് സമിതി മുല്ലപ്പെരിയാർ പ്രദേശത്ത് ആധുനിക ഭൂകമ്പ മാപിനികൾ സ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി വിലയിരുത്തി.

ഭൂകമ്പ മാപിനികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് ഉടൻ തയ്യാറാകുമെന്ന് കെ.എസ്.ഇ.ബി. ചെയർമാൻ സമിതിയെ ബോധിപ്പിച്ചു. ഭൂകമ്പ മാപിനികൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ട് 5 മാസത്തോളമായിട്ടും ഭൂകമ്പത്തിന് വളരെയധികം സാധ്യതയുള്ള സാഹചര്യമുണ്ടായിട്ടും ആയത് ഇനിയും സ്ഥാപിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമീപത്ത് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഒരു ഭൂകമ്പ മാപിനി സ്ഥാപിച്ചിട്ടുണ്ട് എന്നും 1991-ലെ ഡാം സേഫ്റ്റി ഇൻസ്പെക്ഷന്റെ ഭാഗമായി അണക്കെട്ടിന്റെ മുകളിലും ഗ്യാലറിയുടെ അകത്തുമായി ഓരോ ഹൈസെൻസിറ്റീവ് ആക്സിലറോഗ്രാഫുകൾ സ്ഥാപിക്കണമെന്ന ശുപാർശ തമിഴ്നാട് നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ഉന്നതാധികാര സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി അത് സ്ഥാപിക്കണമെന്ന് തമിഴ്നാടിനോട് നിർദ്ദേശിച്ചതിൻപ്രകാരമാണ് ഇത് സ്ഥാപിച്ചതെന്നും ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

കെ.എസ്.ഇ.ബി.യുടെ അനലോഗ് ടൈപ്പിലുള്ള ഭൂകമ്പ മാപിനി നേരത്തെതന്നെ മുല്ലപ്പെരിയാറിൽ സ്ഥാപിച്ചിട്ടുണ്ടെന്നും അത് മാറ്റി ഡിജിറ്റൽ ടൈപ്പ് ആക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതെന്നും കെ.എസ്.ഇ.ബി. ചെയർമാൻ അറിയിച്ചു.

കെ.എസ്.ഇ.ബി.യിലെ ഡാം സേഫ്റ്റി വിംഗ് 5 മാസത്തിനകം പ്രസ്തുത തീരുമാനം നടപ്പാക്കുമെന്ന് കെ.എസ്.ഇ.ബി. ചെയർമാൻ സമിതി മുമ്പാകെ ബോധിപ്പിച്ചു.

ഇത്രയും ഗുരുതരമായ സാഹചര്യം നിലവിലുണ്ടായിട്ടും ഒരു നടപടിയും കെ.എസ്.ഇ.ബി. നാളിതുവരെ സ്വീകരിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി 5 മാസത്തിനകം ഭൂകമ്പ മാപിനി സ്ഥാപിക്കണമെന്ന് ബോർഡിന് കർശനനിർദ്ദേശം നൽകി.

അണക്കെട്ടിൽ ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ മാത്രമേ ബോർഡിന് ഉപകരണം സ്ഥാപിക്കാൻ കഴിയുകയുള്ളൂഎന്നും മറ്റു സ്ഥലങ്ങളിൽ സ്ഥാപിക്കണമെങ്കിൽ സെസ്സിന്റെ സഹകരണം ആവശ്യമാണ് എന്നും ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് സെസ്സിലെ വിദഗ്ദ്ധരുംകൂടി പരിശോധിക്കേണ്ടതുണ്ട് എന്നും കെ.എസ്.ഇ.ബി. ചെയർമാൻ അറിയിച്ചു.

ഉപകരണം ഓർഡർ ചെയ്യുന്നതിലെ കാലതാമസമാണ് പ്രധാന തടസ്സമെന്ന് സെസ്സ് ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടു. ഉപകരണം സ്ഥാപിക്കുന്നതിന് 1.5 മീറ്റർ ആഴത്തിൽ ഭൂമി കുഴിച്ച് പാറയിൽ ബോൾട്ടുകൾ നിർമ്മിക്കേണ്ടതുണ്ടെന്നും വളരെ സങ്കീർണ്ണമായ ഉപകരണമായതിനാൽ ഇത് സ്ഥാപിക്കുന്നതിന് ഐ.എം.ഡി.യിൽ നിന്നോ എൻ.ജി.ആർ.ഐ.യിൽ നിന്നോ ഉള്ള വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തണമെന്നും സെസ്സ് ശാസ്ത്രജ്ഞൻ വ്യക്തമാക്കി.

തമിഴ്നാട് മുല്ലപ്പെരിയാറിൽ സ്ഥാപിച്ചിട്ടുള്ളത് ഡിജിറ്റൽ പോർട്ടബിൾ ടൈപ്പ് ഭൂകമ്പ മാപിനിയാണെന്നും കേരളം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് ഡിജിറ്റൽ പെർമനെന്റ് ടൈപ്പ് ആണെന്നും സെസ്സ് ശാസ്ത്രജ്ഞൻ സമിതിയുടെ ചോദ്യത്തിന് മറുപടി നൽകി.

മുല്ലപ്പെരിയാറിൽ തമിഴ്നാട് ഡിജിറ്റൽ ഭൂകമ്പ മാപിനി സ്ഥാപിച്ചുകഴിഞ്ഞ സാഹചര്യത്തിൽ കേരളം അത് സ്ഥാപിക്കുന്നതിന് ഒരു കാരണവശാലും ഇനിയും കാലതാമസം വരുത്തരുത് എന്ന് സമിതി വ്യക്തമാക്കി.

അണക്കെട്ടിൽ നടക്കുന്ന ബോർഹോൾ പരിശോധനയിൽ സുർക്കിയുടെ അംശം അൽപ്പംപോലും കാണുന്നില്ല എന്നത് സംബന്ധിച്ച് മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ ചെയർമാൻ നൽകിയ ഔദ്യോഗിക റിപ്പോർട്ട് ഉന്നതാധികാര സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സമിതി ജലവിഭവ വകുപ്പിന് നിർദ്ദേശം നൽകി.

തുടർന്ന് സമിതി ദുരന്തനിവാരണ അതോറിറ്റി മുല്ലപ്പെരിയാർ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് ആരാഞ്ഞു.

സെസ്സ് ലഭ്യമാക്കിയ ഇനൻഡേഷൻ മേപ്പ് അനുസരിച്ച് ഭൂകമ്പത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ ഭൂകമ്പ മാപിനി സ്ഥാപിക്കുന്നതിനായി 164 കിലോമീറ്റർ, 71 കിലോമീറ്റർ സ്ക്വയർ ചുറ്റളവ് മുഴുവനും 19 അദ്ധ്യാപകരുടേയും ദുരന്തനിവാരണം പഠിച്ച 10 കുട്ടികളുടേയും സഹായത്തോടെ അടയാളപ്പെടുത്തിക്കഴിഞ്ഞുവെന്നും ഈ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണവും അവരുടെ സ്ഥാവര ജംഗമ സ്വത്തുക്കളുടെ വിവരശേഖരണവും റവന്യൂ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഹസാർഡ് വൾനറബിലിറ്റി ആന്റ് റിസ്ക് അസസ്മെന്റ് സെൽ ഹെഡ് സയന്റിസ്റ്റ് അറിയിച്ചു. വി.എച്ച്.എഫ്. റേഡിയോ നെറ്റ്‌വർക്ക് ഉപയോഗിക്കുന്നതിന് ഇടുക്കി ജില്ലയിലുള്ള മുഴുവൻ വില്ലേജ് ഓഫീസർമാർക്കും 2 ദിവസത്തെ പരിശീലനം നൽകിക്കഴിഞ്ഞു എന്നും കൂടാതെ വാർഡ് തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് സുരക്ഷിത സ്ഥലങ്ങളിൽ എത്താനുള്ള വഴികൾ ജനങ്ങളെക്കൊണ്ടുതന്നെ കണ്ടെത്തിച്ച് അതിൽ അവർക്ക് പ്രാവിണ്യം നേടിക്കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണെന്നും അവിടെയുള്ള കുട്ടികളുടെ മാനസികസമ്മർദ്ദം ലഘൂകരിക്കുന്നതിന് അവർക്ക് സൈക്കോ സോഷ്യൽ കൗൺസലിംഗ് നടത്തുന്നുണ്ട് എന്നും ഹെഡ് സയന്റിസ്റ്റ് അറിയിച്ചു.

അണക്കെട്ടിനെയും അവിടെനിന്നും ഒലിച്ചിറങ്ങുന്ന ജലത്തിനെയും തുടർച്ചയായി നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹകരണത്തോടുകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണെന്നും ഇതിനായി ഹൈഫ്രീക്വൻസി ഇൻഫ്രാറെഡ് ക്യാമറ ഉപയോഗിക്കുന്നതിനാൽ രാത്രിയിലും അണക്കെട്ട് നിരീക്ഷിക്കാൻ കഴിയുമെന്ന് ഹെഡ് സയന്റിസ്റ്റ് അറിയിച്ചു.

വനമേഖലയിൽ ഉപകരണം സ്ഥാപിക്കുന്നതിന് അനുമതി നൽകുവാൻ വനം വകുപ്പും സ്ഥിരമായി പവർ സപ്ലൈ ലഭ്യമാക്കുന്നതിന് ഊർജ്ജവകുപ്പും നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും ഹെഡ് സയന്റിസ്റ്റ് സമിതി മുമ്പാകെ ബോധിപ്പിച്ചു.

ദുരന്തമുണ്ടായാൽ ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുന്നതിന് നേവി ജോയിന്റ് ഓപ്പറേഷൻസ് കമാൻഡറുമായി നേരിട്ട് ബന്ധപ്പെടുന്നുണ്ട് എന്നും സെസ്സ് ലഭ്യമാക്കിയ മേപ്പുകൾ നേവിക്കും പോലീസ് ഇന്റലിജൻസ് വിഭാഗത്തിനും നൽകിയിട്ടുണ്ട് എന്നും ബോട്ട് ലാന്റിംഗിനും ഹെലികോപ്ടർ ലാന്റിംഗിനുമുള്ള സ്ഥലങ്ങൾ മാർക്ക് ചെയ്തിട്ടുണ്ട് എന്നും ഹെഡ് സയന്റിസ്റ്റ് അറിയിച്ചു.

കൂടാതെ ഫയർ ഫോഴ്സുമായി ചേർന്ന് ഇന്ത്യയിൽത്തന്നെ ആദ്യമായി ഒരു ഇൻസിഡൻസ് റെസ്പോൺസ് സിസ്റ്റം നടപ്പാക്കാനുള്ള ശ്രമങ്ങൾ തുടർന്നു വരികയാണെന്നും അറിയിച്ചു.

മുല്ലപ്പെരിയാർ അണക്കെട്ട് തകർന്നാൽ 126 മിനിറ്റുകൊണ്ട് വെള്ളം ഇടുക്കി അണക്കെട്ടിൽ എത്തുമെന്നും അതിനകം അവിടെയുള്ള ജനങ്ങളെ മുഴുവൻ മാറ്റിപാർപ്പിക്കുന്നത് വളരെ ദുഷ്ക്കരമായിരിക്കുമെന്നും എറണാകുളം സിറ്റിയിലെ ജനങ്ങളെ മുഴുവൻ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റേണ്ട അവസ്ഥയുണ്ടാകുമെന്നും സമിതി വിലയിരുത്തി. ഈ പശ്ചാത്തലത്തിൽ അണക്കെട്ട് തകരുന്നത് ഒഴിവാക്കുക എന്നത് മാത്രമാണ് ജനങ്ങളുടെ സുരക്ഷയ്ക്കുള്ള ഏക മാർഗ്ഗമെന്നും സമിതി വ്യക്തമാക്കി.

മുല്ലപ്പെരിയാർ ഡാമിലെ ജലം ഉൾക്കൊള്ളാൻ ഇടുക്കി അണക്കെട്ടിന് കഴിയുകയില്ലെന്ന് സ്ഥാപിക്കുന്നതിനായി കേരളം സമർപ്പിച്ച സത്യവാങ്മൂലത്തെക്കുറിച്ച് സമിതി ആരാഞ്ഞു.

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം ഉൾക്കൊള്ളാൻ ഇടുക്കി അണക്കെട്ടിന് കഴിയും എന്ന പരാമർശം തിരുത്തിയിട്ടുണ്ട് എന്നും ഇക്കാര്യം തമിഴ്നാട് സർക്കാരിന്റെ സാക്ഷിയെക്കൊണ്ടുതന്നെ കോടതിയിൽ സമ്മതിപ്പിച്ചിട്ടുണ്ട് എന്നും അഡീഷണൽ ചീഫ് സെക്രട്ടറി ഐ.എസ്.ഡബ്ള്യു സമിതി മുമ്പാകെ ബോധിപ്പിച്ചു.

തുടർന്ന് സമിതി ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ജലനിധിയുടെ  പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലെ 62-ാം നമ്പർ ശുപാർശകളിന്മേൽ ജലവിഭവം, ഊർജ്ജം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഫയൽ നമ്പർ 16670/സബ്.സി.എ1/08/ലെജി.

ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.